പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1179 — 04.02.2019-ൽ മറുപടിക്ക്

## പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിലെ ഓവർസിയർ/ ജനറേറ്റർ മെക്കാനിക്ക് തസ്തിക

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 18.04.83 ലെ ജി.ഒ.(പി) )നം. 104/83/PWD സ്പെഷ്യൽ റൂൾ നോട്ട് 4 അനുസരിച്ച് പൊതുമരാമത്ത് വൈദ്യുത വിഭാഗത്തിലെ (ii എ) കാറ്റഗറിക്കാരായ ഗ്രേഡ്-1 ഓവർസിയർ/ജനറേറ്റർ മെക്കാനിക്ക് തസ്തിക, ഗ്രേഡ്-II ഓവർസിയറുടെ പ്രൊമോഷൻ തസ്തികയാണെന്നിരിക്കെ ഈ തസ്തികയിലേക്ക് ഇതുവരെ ഗ്രേഡ്-II ഓവർസിയറിൽ നിന്നും എത്ര ജീവനക്കാരെ പ്രൊമോഷൻ വഴി നിയമിച്ചിട്ടുണ്ട്; | (എ) | ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയും ജനറേറ്റർ മെക്കാനിക് തസ്തികയും വ്യത്യസ്ത തസ്തികകളാണ്. പൊതുമരാമത്ത് സ്പെഷ്യൽ റൂൾ പ്രകാരം ആയവയുടെ നിയമന രീതി വ്യത്യസ്തമാണ്. നാളിതുവരെ ഓവർസിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിലുള്ള 72 പേർക്ക് ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി-യിട്ടുണ്ട്. ഇതിൽ ജനറേറ്റർ മെക്കാനിക് തസ്തിക ഉൾപ്പെടുന്നില്ല. |
| (ബി) | പി.എസ്.സി. യുടെ 01.01.2002 ലെയും 15.03.2003 ലെയുംഅഡ്വ.നം.RIA(3)23736/02/GW പ്രകാരവും 29.08.2005 ലെ അഡ്വ.നം.RIA(3)22701/04/GW 29.08.2005 പ്രകാരവും ജനറേറ്റർ മെക്കാനിക്കായി നിയമിച്ച 3 പേർക്ക് അസിസ്റ്റന്റ് എൻജിനീയറായി പ്രമോഷൻ നൽകിയ ഒഴിവിലേക്ക് ആരെയെങ്കിലും നിയമി-ച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | രാജ്ഭവൻ, സെക്രട്ടറിയേറ്റ്, കോഴിക്കോട് മെഡിക്കൽ കോളേജ്, നിയമസഭ മെക്കാനിക്കൽ സബ്-ഡിവിഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് എന്നീ പൊതുമരാ-മത്ത് വൈദ്യുത വിഭാഗം സെക്ഷനുകളി-ലായുള്ള 10 ഗ്രേഡ്-I ഓവർസിയർ/ ജനറേറ്റർ മെക്കാനിക് തസ്തികയിലേക്കുള്ള പ്രമോഷനുവേണ്ടി പരിഗണിയ്ക്കുന്ന ഗ്രേഡ്-II ഓവർസിയർമാരുടെ ലിസ്റ്റ് പ്രസിദ്ധീ-കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയും ജനറേറ്റർ മെക്കാനിക് തസ്തികയും വ്യത്യസ്ത തസ്തികകളാണ് ഓവർസിയർ ഗ്രേഡ് II (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്ന് ഓവർസിയർ ഗ്രേഡ് I (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിനായി 01/4/94 മുതൽ 25/09/2013 വരെയുള്ള ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ